പതിനാലാം കേരള നിയമസഭ

19-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1150 05.03.2020-ൽ മറുപടിക്ക്

## നദികളിൽ നിന്നുള്ള മണൽ ഖനനം

ചോദ്യം

ശ്രീ.രാജു എബ്രഹാം

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ
(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ നദികളിൽ നിന്നുള്ള മണൽ ഖനനം നിരോധിച്ചത് എന്നാണ്; ഏതൊക്കെ നദികളിലാണ് ഈ നിരോധനം നിലവിൽ ഉള്ളത്;

(എ) സാന്റ് ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത ഖനനം നടത്തുന്നതിന് മണൽ ലഭ്യതയില്ലാത്ത നദികളിൽ മണൽ വാരൽ നിരോധനം 06.06.2015 മുതൽ വ്യത്യസ്ത തീയതികളിലായി ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, കരമന, വാമനപുരം, കൊല്ലം ജില്ലയിലെ കല്ലട, ആലപ്പുഴ ജില്ലയിൽ ഉൾപ്പെട്ടിട്ടുള്ള പമ്പ, അച്ചൻകോവിൽ നദികളുടെ ഭാഗങ്ങൾ, കോട്ടയം ജില്ലയിലെ മീനച്ചിലാർ, തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, കരുവന്നൂർ, കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിപ്പുഴ, വയനാട് ജില്ലയിലെ കബനിസ കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടിപ്പുഴ, കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരിപ്പുഴ എന്നീ നദികളിലാണ് മണൽ ഖനന നിരോധനം നിലവിലുള്ളത്.

(ബി) പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ നദികളിലായിരുന്നു നേരത്തെ മണൽഖനനം ഉണ്ടായിരുന്നത്;

(ബി) പത്തനംതിട്ട ജില്ലയിൽ നേരത്തെ ഖനനം നടന്നിരുന്നത് പമ്പ, അച്ചൻകോവിൽ, മണിമല എന്നീ നദികളിൽ നിന്നായിരുന്നു.

(സി) സംസ്ഥാനത്ത് 2018-ൽ ഉണ്ടായ മഹാപ്രളയത്തിൽ നദികളിൽ യും മണൽ അടിഞ്ഞു കൂടി ഇവയുടെ ആഴം കുറഞ്ഞത് സർക്കാരിന്റെ യും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ അടിഞ്ഞുകൂടിയ മണൽ ഖനനം ചെയ്ത് മാറ്റുന്നതിന് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും നദികളിൽ നിന്ന് ഇത്തരത്തിൽ മണൽ ഖനനം ആരംഭി ച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ നദികളിൽ നിന്നാണ്; എത്ര അളവിൽ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി)

(ഡി) സംസ്ഥാനത്ത് 2018-ൽ ഉണ്ടായ മഹാപ്രളയത്തിൽ നദികളിൽ മണൽ അടിഞ്ഞു കൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രളയത്തിൽ അടിഞ്ഞു കൂടിയ മണൽ തിട്ടപ്പെടുത്തുന്നതിനായി പ്രളയം പ്രധാനമായും ബാധിച്ച പമ്പ, മൂവാറ്റുപുഴ, പെരിയാർ, ഭാരതപ്പുഴ, ചാലിയാർ, കടലുണ്ടി, ഇത്തിക്കര എന്നീ നദികളുടെ സാന്റ് ആഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ പെരിയാർ, മൂവാറ്റുപുഴ, ചാലിയാർ നദികളുടെ സാന്റ് ആഡിറ്റിംഗ് പൂർത്തിയായിട്ടുണ്ട്. സാന്റ് ആഡിറ്റിംഗ് പൂർത്തിയായ നദികളിൽ മണൽ ഖനനത്തിനുള്ള പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിന് ആവശ്യമായ മൈൻപ്ലാൻ ഉൾപ്പെടെയുള്ളവ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിക്കുന്നുണ്ട്. ഇതു കൂടാതെ പ്രളയം കാരണം നദികളിൽ വന്നടിഞ്ഞു കൂടിയ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനും

ഡീസിൽറ്റിംഗ് നടത്തുന്നതിനും 24.12.2019-ലെ സ.ഉ(സാധാ) നം.3880/2019/റവന്യൂ നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതും ഇതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിക്കുന്നതുമാണ്.

| | |
|---|---|
| (ഇ) പത്തനംതിട്ട ജില്ലയിലെ (ഇ) ഏതൊക്കെ നദികളിൽ നിന്നാണ് ഇങ്ങനെ മണൽ ഖനനം ചെയ്യാൻ ഉദ്ദേശിക്കുന്നത്; എത്ര അളവിൽ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സാന്റ് ആഡിറ്റിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ, പമ്പ, മണിമല നദികളിൽ നിന്നും മണൽ ഖനനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. പമ്പ നദിയുടെ സാന്റ് ആഡിറ്റിംഗ് അന്തിമ ഘട്ടത്തിലാണ്. മണിമലയാറിന്റെ സാന്റ് ആഡിറ്റിംഗ് പുരോഗമിക്കുന്നുണ്ട്. അച്ചൻകോവിൽ ആറിൽ നിന്നും 29743 ക്യൂബിക് മീറ്റർ മണൽ ഖനനം ചെയ്യാവുന്നതായി സാന്റ് ആഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ